(ഡി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചാൽ ഉള്ള ശിക്ഷ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചതിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ട്.

(ബി) ഭൂമി മറ്റ് കൃഷി ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ 15 ക്ലോസുകളിലൂടെ ഇതിന് അവലംബിക്കേണ്ട മാർഗ്ഗരേഖയാണ് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) പ്രസ്തുത ഉത്തരവിലെ എല്ലാ വ്യവസ്ഥകളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഉത്തരവിലെ ക്ലോസ്സ് 12 പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ് നടപ്പാക്കുവാൻവേണ്ട ഏതു നടപടികളും കളക്ടർക്ക് സ്വീകരിക്കാവുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ബാധകമല്ല.

നെൽവയൽ നികത്തി വീട് നിർമ്മിച്ചതിന് പിഴ ഇനത്തിൽ ലഭിച്ച വരുമാനം

176 (1255) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കുന്നതിന് നെൽവയൽ നികത്തിയ മുൻകാല നടപടി റഗുലറൈസ് ചെയ്യുന്നതിന് ഭൂമിയുടെ മുഖവിലയുടെ എത്ര ശതമാനം പിഴ അടയ്ക്കേണ്ടതുണ്ട് ; പ്രസ്തുത പിഴ ഇനത്തിൽ 2015-16 സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി രൂപയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തോട്ടം ഉടമസ്ഥന് കൈവശമുള്ള തോട്ട ഭൂമിയുടെ എത്ര ശതമാനം ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാർ ഭൂമിയുടെ മുഖവിലയുടെ എത്ര ശതമാനം പിഴയോ ഫീസോ ആയി ഈടാക്കുന്നുണ്ട്; പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപ നടപ്പു സാമ്പത്തിക വർഷം റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വീട് വയ്ക്കുന്നതിന് നെൽവയൽ നികത്തിയ മുൻകാല നടപടി റഗുലറൈസ് ചെയ്യുന്നതിന് ഭൂമിയുടെ ന്യായവിലയുടെയോ, പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെയോ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ടുള്ള ക്രമവത്ക്കരിക്കലാണ് തീരുമാനിച്ചിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തെ 'Budget Speech'-ൽ മുൻ ധനകാര്യ വകുപ്പുമന്ത്രി '150 കോടി' രൂപയാണ് ഈ ഇനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നത്.

(ബി) 5%. ഇക്കാര്യത്തിൽ ഫീസോ പിഴയോ ഈടാക്കുന്നില്ല.

തുപ്രയാർ താലൂക്ക് രൂപീകരണം

177 (1256) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുപ്രയാർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം പരിഗണിച്ച് തുപ്രയാർ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത നിർദ്ദേശത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നെൽവയൽ നീർത്തട സംരക്ഷണ നിയമം

178 (1257) ശ്രീ. ഗുല്ലിക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly